(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/1848 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് -20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി : 2-11-2016

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ്
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി മുഖേന)
കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പ്രതി.

നം.കെഎസ്.എ.കെ.കെ.ഡി.പി.13/1848 /2016 തീയതി :2-11-2016

# കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.സതീഷ് കുമാർ.കെ.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2016 മുതൽ 01.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ഗിരീശൻ പാറപ്പൊയിൽ<br>ശ്രീമതി.സബിത.എസ് | ഓഡിറ്റ് ഓഫീസർമാർ |
| ശ്രീ.ഉണ്ണികൃഷ്ണൻ.പി<br>ശ്രീ. ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| ശ്രീമതി.ഇന്ദുകല.സി.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അനിത മതിലച്ചേരി | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.ബാബുരാജൻ.പി, സെക്രട്ടറി (i/c) | 01.11.2015 മുതൽ 19.11.2015 വരെ |
| | ശ്രീ.അശോകൻ കോട്ട് | 20.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ബാബുരാജൻ.പി. | 01.04.2015 മുതൽ 24.07.2015 വരെ |
| | ശ്രീ.രാമചന്ദ്രൻ.എം, അസി.സെക്രട്ടറി (i/c) | 25.07.2015 മുതൽ 10.08.2015 വരെ |
| | ശ്രീ.ബാബുരാജൻ.പി. | 11.08.2015 മുതൽ 20.12.2015 വരെ |
| | ശ്രീ.രാമചന്ദ്രൻ.എം, അസി.സെക്രട്ടറി (i/c) | 21.12.2015 മുതൽ 11.01.2016 വരെ |
| | ശ്രീ.ബാബുരാജൻ.പി. | 12.01.2016 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.പ്രദീപ്.എം. | കൃഷി ഓഫീസർ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീ.ഷിനോജ്.എം. | വെറ്റിനറി സർജ്ജൻ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.സിന്ധു.കെ.പി. | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.(ആരോഗ്യം) | 01.04.2015മുതൽ 31.03.2016 വരെ |
| ശ്രീമതി.ജയശ്രീ.ഒ. | വി.ഇ.ഒ, തിരുവങ്ങൂർ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.ബിന്ദു.എം. | വി.ഇ.ഒ, ചേമഞ്ചേരി | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.ഷീജ.സി.കെ.<br>ശ്രീമതി.ഗീതകുമാരി.<br>ശ്രീമതി.ലേഖ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2015മുതൽ 30.06.2015വരെ<br>01.07.2015മുതൽ 03.07.2015വരെ<br>04.07.2015മുതൽ 31.03.2016വരെ |
| ശ്രീ.അബ്ദുള്ള .കെ. | ഹെഡ്മാസ്റ്റർ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീ.കണ്ണൻ.എം.<br>ശ്രീ.രാജേഷ്.എൻ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01.04.2015മുതൽ 28.07.2015വരെ<br>29.07.2015മുതൽ 31.03.2016വരെ |
| ശ്രീമതി.സുനില.കെ.പി.<br>ശ്രീമതി.സജിത.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.2015മുതൽ 02.08.2015വരെ<br>03.08.2015മുതൽ 31.03.2016വരെ |
| ശ്രീ.രാമചന്ദ്രൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.നിഷ സുകുമാരൻ.<br>ശ്രീ.സൂരജ്. | അസിസ്റ്റന്റ് എൻജിനീയർ | 01.04.2015മുതൽ 22.05.2015വരെ<br>23.05.2015മുതൽ 31.03.2016വരെ |

## ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു


| ഭാഗം-1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | ഫണ്ട് വിനിയോഗം |
| 1-4 | പദ്ധതി അവലോകനം |
| 1-5 | തനത് വരുമാനം. |
| 1-6 | ക്ഷേമപദ്ധതികൾ |
| 1-7 | ക്യാഷ് വെരിഫിക്കേഷൻ |
| 1-8 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| ഭാഗം-2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ. |
| 2-3 | വസ്തു നികുതി വരവിനത്തിൽ 36 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി. |
| 2-4 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| 2-5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ. |
| 2-6 | പരസ്യ നികുതി ലേലം - നിയമ നടപടികൾ പാലിച്ചില്ല. |
| 2-7 | ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പെർമിറ്റ് ഫീ ഇളവ് - സർക്കാർ ഉത്തരവ് ഹാജരാക്കിയില്ല. |
| 2-8 | റിസോർട്ടുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല. |
| 2-9 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. |
| 3-2 | ആശ്രയ ഗുണഭോക്താക്കളെ വേണ്ടരീതിയിൽ പരിഗണിച്ചില്ല. |
| 3-3 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിച്ചില്ല. |
| 3-4 | അനുവദനീയമായതിലും അധിക വില സിഡ്കോയ്ക്ക് നൽകി. |
| 3-5 | മൃഗസംരക്ഷണ മേഖലയിൽ അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. |
| 3-6 | പ്രൊഫഷണൽ, പി.ജി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്കമ്പ്യൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-7 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ - മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തില്ല. |
| 3-8 | ഇ.എം.എസ്. ഭവന പദ്ധതി ലോൺ മുഴുവൻ അനുവദിക്കാത്തതിനാൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 3-9 | വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. |
| 3-10 | നിർമ്മൽ പുരസ്കാര തുക വിനിയോഗിച്ചില്ല. |
| 3-11 | സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം. |

| | |
|---|---|
| 3-12 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. |
| 3-13 | പരിമിതമായ അടിസ്ഥാന സൌകര്യങ്ങളോടെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ. |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
| മുന്നിരിപ്പ് | 35,93,894 |
| വരവ് | 10,12,14,000 |
| ആകെ അടങ്കൽ വരവ് | 10,48,07,894 |
| ആകെ അടങ്കൽ ചെലവ് | 10,02,66,550 |
| വാർഷിക കണക്ക് പ്രകാരം ആകെ വരവ് | 7,17,52,236 |
| വാർഷിക കണക്ക് പ്രകാരം ആകെ ചെലവ് | 5,56,18,077 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 23.07.2016 |

## 1-3 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4773303 | 11764539 | 16537842 | 11389198 | 68.86 |
| വികസന ഫണ്ട്(എസ്.സി.പി) | 4662795 | 4139000 | 8801795 | 5064134 | 57.53 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2106184 | 4396000 | 6502184 | 4543221 | 69.87 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2193307 | 3041001 | 5234308 | 1823676 | 34.84 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3412629 | 4812306 | 8224935 | 5345709 | 64.99 |
| ലോക ബാങ്ക് സഹായം | 1209563 | ---- | 1209563 | 1197425 | 99.98 |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 226 | 175 | 79 | 51 | 54.85 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1506500 | 1124880 | 74.66 |
| വെറ്റിനറി സർജ്ജൻ | 5 | 5 | 983000 | 558499 | 56.81 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 725000 | 709872 | 97.91 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 520000 | 519800 | 99.96 |
| വി.ഇ.ഒ.I | 13 | 7 | 15082337 | 3406420 | 22.58 |
| വി.ഇ.ഒ.II | 2 | 2 | 1400000 | 1400000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 3 | 2977400 | 2076624 | 69.74 |
| സെക്രട്ടറി | 54 | 25 | 14301840 | 6016805 | 42.07 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 125000 | 76633 | 61.30 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 4297427 | 3281982 | 76.37 |
| ഹെഡ്മാസ്റ്റർ | 6 | 4 | 1605000 | 1225492 | 76.35 |
| അസിസ്റ്റന്റ് എൻജിനീയർ | 131 | 50 | 41675192 | 15114302 | 36.26 |
| ആകെ | 232 | 111 | 85198696 | 35511309 | 41.68 |

## 1-5 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4255470 | 3672307 | 583163 | (-)86% |
| നികുതിയേതര വരവുകൾ | 637544 | 815817 | 178273 | (+)128% |
| മറ്റ് വരവുകൾ (പലിശ) | 222409 | 207968 | 14441 | (-)94% |
| ആകെ | 5115423 | 4696092 | 419331 | (-)92% |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 557 | 826200 |
| കർഷക തൊഴിലാളി പെൻഷൻ | 558 | 4465170 |
| വിധവാ പെൻഷൻ | 1302 | 12137680 |
| വികലാംഗ പെൻഷൻ | 355 | 3542505 |
| വാർദ്ധക്യകാല പെൻഷൻ | 2041 | 11994930 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 149 | 1401840 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന28.09.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 28,137/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2016 മുതൽ 11.07.2016 വരെ | 01.07.2015 | എ.10/5754/16, |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.04.2012 മുതൽ 30.04.2012വരെ | 1997-98 മുതൽ 1999-2000 വരെ | എൽ.ബി.എ.(എച്ച്.ക്യു)111/8 എ/276/12, 05.08.2012 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) നിലവിൽ സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ ഒരു അക്കൗണ്ട് ആയ Own Fund – VPFA-I-2 ൽ മുന്നിരിപ്പും, നീക്കിയിരിപ്പുമായി 66,232/- രൂപ കിടപ്പുണ്ട് ഇത് ഏത് ഫണ്ട് ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

2) താഴെ പറയുന്ന വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | രജിസ്റ്റർ |
|---|---|
| 1 | തൊഴിൽ നികുതി രജിസ്റ്റർ |
| 2 | ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്റർ |

3) താഴെ പറയുന്ന ഇനങ്ങളുടെ രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

| ക്രമ നം | രജിസ്റ്റർ |
|---|---|
| 1 | അഡ്വാൻസ് രജിസ്റ്റർ |

4) വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലും, രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | കുടിശ്ശിക | ---- | 5,50,294 | 11,76,612 |
| | തൻവർഷം | 30,11,779 | 17,61,811 | 13,16,246 |
| രജിസ്റ്റർ പ്രകാരം | കുടിശ്ശിക | 6,63,153 | 5,50,294 | 1,12,859 |
| | തൻവർഷം | 23,45,000 | 17,61,811 | 58,31,89 |

5) താഴെ പറയുന്ന ഇനങ്ങളുടെ വരവ് ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവയും, വാർഷിക ധനകാര്യപത്രികയിലെ വരവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | വരവിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1 | ലൈബ്രറി ഗ്രാന്റ് | 19,700 | 39,400 |
| 2 | പ്രേരക് ഓണറേറിയം | 1,24,760 | 1,05,060 |
| 3 | ഗ്രാന്റ്സ് ശുചിത്വ മിഷൻ | 16,312 | വരവില്ല |
| 4 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,00,000 | വരവില്ല |
| 5 | ഫ്ലഡ് റിലീഫ് | 8,64,464 | വരവില്ല |
| 6 | തൊഴിലുറപ്പ് പദ്ധതി | 4,62,950 | വരവില്ല |
| 7 | ഐ.സി.ഡി.എസ് | 6,31,694 | വരവില്ല |
| 8 | മറ്റ് ഗ്രാന്റുകൾ | 1,01,400 | വരവില്ല |

6) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ.

2015-16 ഓഡിറ്റിന്റെ ഭാഗമായി 14.06.2015 മുതൽ 30.06.2016 വരെയുള്ള രശീതികൾ, സാംഖ്യ രശീതികൾ എന്നിവ പരിശോധിച്ചതിൽ രശീതികൾ കൈകാര്യം ചെയ്യുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മാന്വൽ രശീതികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രശീതി ബുക്ക് ഇഷ്യൂ ചെയ്യുമ്പോൾ, ഇഷ്യൂ ചെയ്യുന്ന തീയതി, കൈപ്പറ്റുന്ന തീയതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

[ഉദാ:- സ്റ്റോക്ക് രജിസ്റ്റർ(രശീതികളുടെ) പേജ് 10, രശീതി നം. 17700 മുതൽ 17710 വരെ.]

2. സാംഖ്യ സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. പകരം സാംഖ്യ സ്റ്റേഷനറി ഇഷ്യൂ ചെയ്യുമ്പോൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന രശീതി സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ച് വെയ്ക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. [ഉദാ:- സ്റ്റോക്ക് രജിസ്റ്റർ പേജ് നം 95 – 97].

3. ക്യാൻസൽ ചെയ്യുന്ന എല്ലാ മാന്വൽ /സാംഖ്യ രശീതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. [ഉദാ:- 17701/47, 86, 95, 17697/24, 44, സാംഖ്യ സ്റ്റേഷനറി നം. 7014699, 7014650 – 11503104522/22.01.2016, 7014543/11503104388/19.01.2016].

4. മുഴുവൻ രശീതി ബുക്കുകളിലും പേജ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. [ഉദാ:- രശീതി നം. 17698, 17702, 17697.]

5. ഓഡിറ്റ് കാലയളവിലെ ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/01.10.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. രശീതികൾ കൈകാര്യം ചെയ്യുന്നതിലും, സൂക്ഷിക്കുന്നതിലുമുള്ള അപാകത, സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകത എന്നിവ പരിഹരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി വരവിനത്തിൽ 36 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 20 വാർഡുകളിൽ നിന്നായി 36,65,361/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (ഓഡിറ്റ് കാലയളവ് പ്രകാരം). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | നികുതിദായകരുടെ എണ്ണം | പിരിച്ചെടുക്കേണ്ട തുക | | | പിരിച്ചെടുത്ത തുക | | | ബാക്കി | പിരിവ് % |
|---|---|---|---|---|---|---|---|---|---|
| | | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | | |
| 1 | 540 | 44655 | 75747 | 120402 | 8989 | 40978 | 49967 | 70435 | 41.50 |
| 2 | 680 | 113882 | 192213 | 306095 | 33384 | 113504 | 146888 | 159207 | 47.98 |
| 3 | 498 | 55975 | 86621 | 142596 | 6999 | 39201 | 46200 | 96396 | 32.39 |
| 4 | 577 | 36176 | 74966 | 111142 | 7271 | 28091 | 35362 | 75780 | 31.81 |
| 5 | 535 | 58512 | 81509 | 140021 | 7947 | 36606 | 44553 | 95468 | 31.81 |
| 6 | 547 | 77257 | 148139 | 225396 | 9883 | 84684 | 94567 | 130829 | 41.95 |
| 7 | 708 | 198291 | 240129 | 438420 | 43126 | 133855 | 176981 | 261439 | 40.36 |
| 8 | 628 | 95869 | 164184 | 260053 | 29181 | 84905 | 114086 | 145967 | 43.87 |
| 9 | 564 | 105202 | 167621 | 272823 | 36635 | 104189 | 140824 | 131999 | 51.61 |
| 10 | 505 | 550363 | 450780 | 1001143 | 104953 | 147204 | 252157 | 748986 | 25.18 |
| 11 | 476 | 51895 | 89781 | 141676 | 6256 | 44275 | 50531 | 91145 | 35.66 |
| 12 | 669 | 230361 | 306159 | 536520 | 137684 | 134203 | 271887 | 264633 | 50.67 |
| 13 | 383 | 18714 | 45247 | 63961 | 2884 | 24858 | 27742 | 36219 | 43.37 |
| 14 | 522 | 95847 | 145345 | 241192 | 14411 | 50781 | 65192 | 176000 | 27.02 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 15 | 467 | 49008 | 90797 | 139805 | 5814 | 47306 | 53120 | 86685 | 37.99 |
| 16 | 487 | 44918 | 89000 | 133918 | 3841 | 49182 | 53023 | 80895 | 39.59 |
| 17 | 454 | 43707 | 100098 | 143805 | 15433 | 81336 | 96769 | 47036 | 67.29 |
| 18 | 733 | 407065 | 339886 | 746951 | 32907 | 123059 | 155966 | 590985 | 20.88 |
| 19 | 623 | 92626 | 197304 | 289930 | 26161 | 136971 | 163132 | 126798 | 56.26 |
| 20 | 564 | 158301 | 167999 | 326300 | 8874 | 68967 | 77841 | 248459 | 23.85 |
| ആകെ | 11160 | 2528624 | 3253525 | 5782149 | 542633 | 1574155 | 2116788 | 3665361 | 36.60 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്ഷൻ ക്ലാർക്കുമാർ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക കാലതാമസമില്ലാതെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. നിയമപ്രകാരം പഞ്ചായത്ത് ഫണ്ടിന് ലഭ്യമാകേണ്ട തുക ഈടാക്കി പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 2-5 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2015-16 ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ ലിസ്റ്റ്, അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I. ഡിമാൻഡ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 205(ഐ) പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അടവ് തുകകൾ നികുതിദായകരുടെ പേരിൽ കൃത്യമായി വരവ് വെക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഡിമാൻഡ് രജിസ്റ്റർ (വാർഡ് തിരിച്ചല്ല) സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കൃത്യമായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

എ.സ്ഥാപന രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം താഴെ പറയുന്നു.

1. വെങ്ങളം യു.പി.സ്കൂൾ
2. ജി.എഫ്.എൽ.പി.സ്കൂൾ, കണ്ണൻകടവ്
3. എൽ.എസ്.ജി.ഡി, ചേമഞ്ചേരി
4. ഐ.സി.ഡി.പി കാട്ടിലപ്പീടിക
5. കാപ്പാട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
6. റിനൈസ്, കാപ്പാട് (റിസോർട്ട്)
7. വികാസ് നഗർ ചീനിച്ചേരി ക്ഷീരോത്പാദക സഹകരണ സംഘം
8. കെ.എസ്.ഹോമിയോ മെഡിക്കൽ സെന്റർ, പൂക്കാട്
9. ലോട്ടസ് പബ്ലിക് സ്കൂൾ, തിരുവങ്ങൂർ

ബി. ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1. കനറാ ബാങ്ക്
2. കെ.എസ്.എഫ്.ഇ പൂക്കാട് ബ്രാഞ്ച്
3. കാപ്പാട് ബീച്ച് റിസോർട്ട്
4. കേരള ഫീഡ്സ്
5. എം. എസ്.എസ് പബ്ലിക് സ്കൂൾ
6. ജി. എൽ.പി. പി സ്കൂൾ, കണ്ണൻകടവ്

സി. താഴെ പറയുന്ന സ്ഥാപനങ്ങളുടെ വരവ് സംബന്ധമായ വിശദാംശങ്ങൾ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1. എം.എസ്.എസ് പബ്ലിക് സ്കൂൾ, വെങ്ങളം - (II Half)
2. മർക്കസ് പബ്ലിക് എക്സൽ സ്കൂൾ - (II Half)
3. ഇലാഹിയ പബ്ലിക് സ്കൂൾ, കാപ്പാട് - (II Half)
4. സതേൺ റെയിൽവെ - (II Half)
5. യൂനിറോയൽ മറൈൻ Exports ലിമിറ്റഡ് - (I, II Half)

അർദ്ധവാർഷിക വരുമാന പത്രികകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ മാത്രമേ ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പടുത്തിയിട്ടുള്ളൂ. കൂടാതെ, ഡി.ആന്റ്.ഒ രജിസ്റ്റർ പ്രകാരം ആകെ 391 സ്ഥാപനങ്ങൾ ഉള്ളതിൽ 227 സ്ഥാപനങ്ങൾ മാത്രമേ ഡിമാൻഡ് രജിസ്റ്ററിൽ (ട്രേഡേഴ്സ്) ഉൾപ്പെടുത്തിയിട്ടുള്ളൂ. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഡിമാൻഡ് രജിസ്റ്റർ കാലികമാക്കാത്തത് കാരണം ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

II. കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കിയില്ല.

III. എൻ. ആർ. എച്ച്.എം ആയുർവ്വേദ ഡിസ്പൻസറി അറ്റൻഡറിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

IV. അൺ-എയിഡഡ് സ്കൂളുകളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതിയിൽ കുറവ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന താഴെ പറയുന്ന സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | അർദ്ധവർഷം | ജീവനക്കാരുടെ എണ്ണം, ഈടാക്കിയ തൊഴിൽനികുതി | |
|---|---|---|---|
| എം.എസ്.എസ് പബ്ലിക് സ്കൂൾ (സി.ബി.എസ്.ഇ) | 2015-16 I Half* | 1 x 750 = 750 | 2,850/- 11503104121/ 06.01.2016 |
| | | 4 x 300 = 1,200 | |
| | | 5 x 180 = 900 | |
| മർക്കസ് പബ്ലിക് എക്സൽ സ്കൂൾ (സി.ബി.എസ്.ഇ) | 2015-16 I Half | 2 x 180 = 360 | 1140+57 (പിഴ പലിശ)= 1197/- 11603102740/ 05.08.2015 |
| | | 1 x 300 = 300 | |
| | | 4 x 120 = 480 | |
| ഇലാഹിയ ഹയർ സെക്കണ്ടറി സ്കൂൾ, കാപ്പാട് (കേരള സിലബസ്) | 2015-16 I Half | 2 x300 = 600 | 6,240/- 11503102354/ 01.08.2015 |
| | | 16 x 180 = 2,880 | |
| | | 23 x 120 = 2760 | |
| | 2015-16 II Half | 2 x 300 = 600 | 6,540/- 11503106261/ 15.03.2016 |
| | | 17 x 180 = 3,060 | |
| | | 24 x 120 = 2,880 | |

* പിഴ പലിശ അടവാക്കിയിട്ടില്ല.

എം.എസ്.എസ് പബ്ലിക് സ്കൂൾ, മർക്കസ് പബ്ലിക് എക്സൽ സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ 2015-16 II തൊഴിൽ നികുതി ഈടാക്കിയതായി (ഡിമാൻഡ് രജിസ്റ്റർ പ്രകാരം)രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ(എം.എസ്) 36/2011/G.Edn തീ. 14.02.2011 പ്രകാരം 01.01.2011 മുതൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ്/നോൺ ടീച്ചിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനം സി.ബി.എസ്.സി അഫിലിയേഷനുള്ളതാണെങ്കിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ അഫിലിയേഷൻ ബൈലോ, 1988 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന വേതനവും,മറ്റു ആനുകൂല്യങ്ങളും നൽകണമെന്ന് നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് ജീവനക്കാർക്ക് വേതനം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാക്കിയിരുന്നെങ്കിൽ തൊഴിൽ നികുതിയിനത്തിൽ കൂടുതൽ തുക ലഭിക്കുമായിരുന്നു. ഇവിടെ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകളിന്മേൽ ആവശ്യമായ പരിശോധന നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ക്രമ നം I.എ, സി പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ, ഡിമാൻഡ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ്കൂളുകളുടെ കാര്യത്തിൽ, വരുമാന പത്രികകളിൽ ആവശ്യമായ പരിശോധന നടത്തി അറിയിക്കേണ്ടതുമാണ്.

## 2-6 പരസ്യ നികുതി ലേലം - നിയമ നടപടികൾ പാലിച്ചില്ല.

(ഫയൽ നം. എ.5-1765/2014)

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച/സ്ഥാപിച്ച പരസ്യങ്ങളിൽ നിന്നും നികുതി പിരിക്കുന്നതിനായി 16.08.2014ന് പൊതു ലേലം നടത്തുകയും ലേലത്തിൽ വിജയിയായ ശ്രീ.വി.ഷബീർ, 'ഷബീഗർ', പെരിങ്ങാടി(പി.ഒ), ന്യൂമാഹി എന്നവർക്ക് 26.08.2014 മുതൽ 31.03.2017വരെയുള്ള കാലയളവിൽ നിശ്ചിത നിരക്കിൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുക എന്നിവക്ക് അനുമതി നൽകി. ഭരണസമിതി തീരുമാനം നമ്പർ. 135/14, തീയ്യതി. 26.08.2014). 47,500/- രൂപക്കാണ് ശ്രീ.വി.ഷബീർ പരസ്യ നികുതി പിരിക്കുന്നതിനായി ലേലത്തിൽ വിജയിയായത്. ശ്രീ.വി.ഷബീർ ലേല തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അടവാക്കിയ തുക | രശീതി നം | തീയ്യതി |
|---|---|---|---|
| 1 | 12,000 | 11403500015 | 16.08.2014 |
| 2 | 12,000 | 11403108549 | 07.02.2015 |
| 3 | 10,000 | 11503103518 | 09.12.2015 |
| | 34,000 | | |

പരസ്യ നികുതി പിരിക്കുന്നതിന് പഞ്ചായത്ത് നടത്തിയ ലേലനടപടികൾ നിയമാനുസൃതമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യാപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കുമാണ് കുത്തകയ്ക്ക് കൊടുക്കാവുന്നത്. എന്നാൽ പഞ്ചായത്ത് പരിധിയിലെ പരസ്യം പിരിക്കുന്നതിന് ശ്രീ.വി.ഷബീർ എന്നവർക്ക് 26.08.2014 മുതൽ 31.03.2017വരെയുള്ള 3 വർഷ കാലയളവിലേക്കാണ് അനുവാദം കൊടുത്തത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകബൈലാ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പഞ്ചായത്തിൽ പ്രസ്തുത തരത്തിലുള്ള നികുതി ഈടാക്കുന്നതിനായി ബൈലാ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങിയിട്ടില്ല.
3. പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യ ബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പഞ്ചായത്തിൽ നിന്നും പരസ്യം പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ എന്നിവയുടെ വിശദാംശങ്ങൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
4. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി പ്രസ്തുത വ്യക്തിയുമായി 1959ലെ കേരള മുദ്രപത്ര നിയമത്തിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മുദ്രപത്രത്തിൽ രേഖാമൂലം കരാറിൽ ഏർപ്പെടേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം, ജോലി പൂർത്തീകരിക്കേണ്ട തീയതി തുടങ്ങിയവ അതത് സംഗതി പോലെ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ശ്രീ.വി.ഷബീർ എന്നവരുമായി പഞ്ചായത്ത് സെക്രട്ടറി രേഖാമൂലമുള്ള കരാർ ചമച്ചില്ല.
5. ഗ്രാമപഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 209 (സി), പട്ടിക.6 പ്രകാരം 500/- രൂപ പിഴ ഈടാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. നിയമപ്രകാരം സെക്രട്ടറിയിൽ

നിക്ഷിപ്തമാണ്. സ്വകാര്യ വ്യക്തിക്ക് കൈമാറി കൊണ്ട് നടപടികൾ സ്വീകരിച്ചു.

6. 47,500/- രൂപക്ക് പരസ്യ നികുതി പിരിക്കുന്നതിനായി ശ്രീ.വി.ഷബീർ എന്നവർക്ക് അനുമതി നൽകിയെങ്കിലും ഓഡിറ്റ് കാലയളവ് വരെയും 34,000/- രൂപ മാത്രമാണ് അടവാക്കിയത്. ലേല തുക പൂർണ്ണമായും അടവാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തി.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ 28.09.2016ന് ഓഡിറ്റ് അന്വേഷണകുറിപ്പ് മുഖേന (09/15-16) സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പരസ്യ നികുതിയിനത്തൽ പഞ്ചായത്ത് ഫണ്ടിന് കുടിശ്ശിക വരുത്തിയ തുക നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യ ബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പഞ്ചായത്തിൽ നിന്നും പരസ്യം പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ, ബൈലായുടെ അംഗീകാരങ്ങൾ തുടങ്ങിയവ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പ്രദർശിപ്പിച്ച പരസ്യങ്ങൾക്ക് ഉത്തരവാദികളായവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 257(1), പട്ടിക.6 പ്രകാരം 500/- രൂപ പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പെർമിറ്റ് ഫീ ഇളവ് - സർക്കാർ ഉത്തരവ് ഹാജരാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2) പ്രകാരം ഏതൊരാളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആദ്യമേ തന്നെ ഒരു അനുവാദപത്രം (Permit) കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം 4(3) പ്രകാരം ഒരു കെട്ടിടത്തിനെ ഒരു ഒക്യുപൻസി (വിനിയോഗ) വിഭാഗത്തിൽ നിന്നും മറ്റൊരു ഒക്യുപൻസി വിഭാഗമായി മാറ്റുമ്പോഴും സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന രണ്ട് അപേക്ഷകർക്ക് 'ഐ.എ.വൈ ഗുണഭോക്താക്കൾ ' എന്ന് രേഖപ്പെടുത്തി പെർമിറ്റ് ഫീയിനത്തിൽ ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം, തീയതി | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | ഇബ്രാഹിം, പെരുപ്പം വയലിൽ | 7973/11.01.2016 | 59.76 m2 |
| 2 | സനോജ് കുമാർ, പാടത്ത് കുനി | 10429/ 14.01.2016 | 62.34m2 |

പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നത് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്. കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിരുന്നിട്ടും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയോ, സെക്രട്ടറിയേയോ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമിറ്റ് ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് നിയമപ്രകാരം ലഭ്യമാകേണ്ട തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഐ.എ.വൈ ഗുണഭോക്താക്കളെ പെർമിറ്റ് ഫീ - യുടെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-8 റിസോർട്ടുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല.

1965 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ളിക് റിസോർട്ട് ചട്ടങ്ങളിലെ ചട്ടം 28(2) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധികളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ

വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഓഡിറ്റ് വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വാർഡ്.1ൽ 2 റിസോർട്ടുകൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (വാസ്കോഡഗാമ റിസോർട്ട്, റിനൈസ് റിസോർട്ട്). എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത റിസോർട്ട് മേൽ വിവരിച്ച ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയതിന്റേയും, രജിസ്ട്രേഷൻ പുതുക്കി നൽകിയതിന്റേയും വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതും, പഞ്ചായത്ത് പരിധിയിൽ മറ്റ് റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

## 2-9 പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169, ഉപവകുപ്പ് (5) പ്രകാരം പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതും ആയ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഏതെങ്കിലും ആൾ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമ വിരുദ്ധമായ നടപടിയാണ്. വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങളിലെ ചട്ടം.3(1) പ്രകാരം സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോ വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്.

ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

ഓഡിറ്റ് വർഷത്തിൽ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്നും, ആസൂത്രണം പൂർണ്ണമായും സർക്കാർ നിർദ്ദേശാനുസരണമല്ലെന്നും കാണുന്നു. അപാകതകളുടെ വിവിധ വശങ്ങൾ താഴെ കൊടുക്കുന്നു.

1) നിർവ്വഹണത്തിൽ വീഴ്ച.

ആകെ 234 പ്രൊജക്ടുകൾക്കായി വിവധ ഫണ്ടുകളിൽ നിന്നും 8.51 കോടി രൂപ വകയിരുത്തിയതിൽ 3.55 കോടി രൂപ മാത്രമാണ് വിനിയോഗിച്ചത് (41.68%). 123 പ്രൊജക്ടുകൾക്ക് തുക വിനിയോഗിച്ചിട്ടില്ല. ഇത് ആകെ പ്രൊജക്ടിന്റെ 52.56% വരും. തുക ചെലവഴിച്ച 111 പ്രൊജക്ടുകളിൽ തന്നെ 14 എണ്ണം ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചത്. നിർവ്വഹണത്തിലെ വീഴ്ച മൂലം താഴെ പറയുന്ന ഫണ്ടുകളുടെ കാര്യത്തിൽ 60% ൽ കുറഞ്ഞ ചെലവ് മാത്രമേ വന്നിട്ടുള്ളൂ.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|
| 1 | വികസന ഫണ്ട് (എസ്.സി.പി) | 8801795/- | 5064134/- | 57.53 |
| 2 | കേന്ദ്ര ധനസഹായം | 4932590/- | 1056643/- | 21.42 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5234307/- | 1823676/- | 34.84 |
| 4 | തനത് ഫണ്ട് | 18950281/- | 3578504/- | 18.88 |
| 5 | ബ്ലോക്ക് വിഹിതം | 1888841/- | 286523/- | 15.16 |
| 6 | ജില്ല പഞ്ചായത്ത് വിഹിതം | 4348500/- | 875056/- | 20.12 |
| 7 | മറ്റുള്ളവ | 9692703/- | 362470/- | 3.73 |

മേല്പറഞ്ഞതിൽ ജില്ല, ബ്ലോക്ക് വിഹിതം, മെയിന്റനൻസ് (റോഡിതരം) ഫണ്ട് എന്നിവയിൽ ചെലവ് കുറഞ്ഞത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ പശ്ചാത്തല മേഘലയിലെ പദ്ധതികൾ നിർവ്വഹിക്കുന്നതിലാണ് പ്രധാന വീഴ്ചയെന്ന് കാണുന്നു. 131 പദ്ധതികൾക്കായി 4.17 കോടി രൂപ വകയിരുത്തിയതിൽ 50 പദ്ധതികൾക്ക് ആകെ 1.51 കോടി രൂപ മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് ഒരു പരിധി വരെ ആസൂത്രണത്തിലെ പോരായ്മയാണ് കാരണമെന്ന് കാണുന്നു.

2) ആസൂത്രണത്തിൽ വീഴ്ച .

സ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റ് വർഷത്തെ പദ്ധതി രേഖയിൽ സ്ഥാപനത്തിലെ വികസന സ്ഥിതിവിശേഷത്തെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇതിൽ വിവിധ മേഖലകളിലെ നിലവിലെ അവസ്ഥ പൊതുവായി വിവരിച്ച് പോകുന്നുണ്ട്. എന്നാൽ ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിക്കും വിധം ഓരോ മേഖലയും അപഗ്രഥിച്ച്, വിശദമായ സ്ഥിതി വിവര കണക്കുകൾ ഉൾപ്പെടുത്തി പ്രസ്തുത മേഖലയിൽ സ്ഥാപനം എവിടെ നിൽക്കുന്നു എന്നു കാണിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടില്ല. കൂടാതെ പന്ത്രണ്ടാം പദ്ധതിയുടെ തുടക്കത്തിലോ, 2015-16 സാമ്പത്തിക വർഷത്തിലോ 5 വർഷം കൊണ്ട്/ തൻവർഷം എന്താണെന്നും, അതിനാവശ്യമായതും മുൻഗണന കൊടുക്കേണ്ടതുമായ പ്രവർത്തനങ്ങൾ എന്തെന്നും, അതിനാവശ്യമായ പദ്ധതികൾ, അടങ്കൽ ഏതെന്നും വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചയിച്ചിട്ടില്ല.

പശ്ചാത്തലമേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ ആകെ 43 പ്രൊജക്ട് പ്രൊപ്പോസൽ മാത്രമേ തൻവർഷം മുന്നോട്ടു വച്ചിട്ടുള്ളൂവെന്നു കാണുന്നു. (ഇതിനെ സാധൂകരിക്കുന്ന വിവരങ്ങൾ ലഭ്യമല്ല) എന്നാൽ തൻവർഷം 131പ്രൊജക്ടുകൾ ആ മേഖലയിൽ അംഗീകാരം വാങ്ങിയെന്നത് ഇവിടെ ശ്രദ്ധേയമാണ്. ഒരു AE യും (അഡീഷണൽ ചാർജ്ജ്) രണ്ട് ഓവർസിയർമാരും (രണ്ടിലും താല്ക്കാലിക ജീവനക്കാർ) മാത്രമുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർവ്വഹിക്കാൻ കഴിയുന്നതിലുമപ്പുറം പ്രൊജക്ടുകൾ എവിടെനിന്നും നിർദ്ദേശിക്കപ്പെട്ടുവെന്നത് വ്യക്തമല്ല. പ്രധാന മേഖലകളായ കൃഷി, സാമൂഹ്യക്ഷേമം എന്നിവയിലെ പ്രവർത്തനങ്ങളും സമാനമാണ്. ചുരുക്കത്തിൽ, മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ തികച്ചും യാന്ത്രികമായ പ്രവർത്തനങ്ങളാണ് ആസൂത്രണത്തിന്റ കാര്യത്തിൽ നടക്കുന്നതെന്നു കാണാം. ഇക്കാര്യത്തിലുള്ള വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3)ആസൂത്രണം/നിർവ്വഹണത്തിൽ വീഴ്ച- ഫണ്ട് നഷ്ടത്തിന് കാരണമാകുന്നു.

കൃത്യമായ ആസൂത്രണത്തിന്റയും നിർവ്വഹണത്തിന്റെയും അഭാവത്തിൽ വികസന പ്രവർത്തനത്തിനും

മറ്റുമായി സർക്കാർ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ തുക മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. കാര്യക്ഷമമായ ധനവിനിയോഗം സമയബന്ധിതമായി നടക്കാത്തത് ജനങ്ങൾക്കു കിട്ടേണ്ട സേവനത്തിന് കാലതാമസം വരുന്നതിനും ധനനഷ്ടത്തിനും കാരണമായിട്ടുണ്ട്. 2015-16 വർഷത്തിൽ സ്ഥാപനത്തിന്റെ പബ്ലിക്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായ തുക വിനിയോഗിച്ചു തീർത്തതിനു ശേഷമേ തൻവർഷത്തെ പ്ലാൻ, മെയിന്റനൻസ് ഗ്രാന്റ് അലോട്ടുമെന്റുകൾ അനുവദിച്ചിരുന്നുള്ളൂ. ഇങ്ങനെ അനുവദിച്ച അലോട്ടുമെന്റുകളിൽ, ചെലവഴിച്ചതിനു ശേഷമുള്ള നീക്കിയിരിപ്പ് മാർച്ച് 31 ശേഷം ലാപ്സായിരിക്കുന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു

4) <u>അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുന്നില്ല.</u>

1994-ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരമുള്ള മൂന്നാം പട്ടികയിൽ പൊതുവായ ചുമതലകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിവിധ മേഖലകളിൽ ആവശ്യമായ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും കാലാനനുസൃതമാക്കുകയും ചെയ്യുക എന്നത്. എന്നാൽ പൂർണ്ണമായതും കാലികമായതും ആശ്രയിക്കാൻ കഴിയുന്നതുമായ ഡാറ്റാ ഒരു നിർവ്വഹണ ഉദ്യോഗസ്ഥനും സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്ന മേഖലകളിൽ അടിസ്ഥാനവിവരങ്ങൾ സൂക്ഷിക്കാത്തത് നിയമലംഘനവും ആസൂത്രണത്തിന് തടസ്സമാകുന്നതുമാണ്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

5)<u>ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഫോറങ്ങൾ തയ്യാറാക്കിയത് നിശ്ചിത രൂപത്തിലല്ല.</u>

02.10.1997ലെ (പി) 220/97/ത.ഭ.വ., 02.09.1998 ലെ (പി.)181/98 ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല, ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഫോറങ്ങൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായിട്ടാണ്. ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതിനു വേണ്ട സൌകര്യം അപേക്ഷാ ഫോറത്തിൽ ഉണ്ടായിരിക്കണമെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ട്. ഫോറത്തിന്റെ അനുബന്ധമായി മേൽ വിവരങ്ങൾ ചേർക്കണമെന്നും, കൂടാതെ സമാനമായ ഒരു കൂട്ടം പ്രൊജക്ടുകൾക്ക് പൊതുവായ ഒരു അപേക്ഷാ ഫോറം തയ്യാറാക്കണമെന്നും ഉത്തരവുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അപേക്ഷാ ഫോറത്തിൽ പരിശോധനയ്ക്കുള്ള ഒരു പ്രഫോർമ ഉൾപ്പെടുത്തണമെന്നതും നിർദ്ദേശങ്ങളിൽപ്പെടുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി വിതരണം ചെയ്ത ഫോറത്തിൽ അപേക്ഷകന്റെ പേര്, വീട്ട് പേര്, വാർഡ് നമ്പർ, വീട്ടുനമ്പർ തുടങ്ങിയ പരിമിതമായ വിവരങ്ങൾ മാത്രമേയുള്ളൂ. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ, അർഹത, മുൻഗണന എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, പരിശോധനയ്ക്കുള്ള പ്രഫോർമ എന്നിവയുടെ അഭാവത്തിൽ എപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെന്ന് വ്യക്തമല്ല. തെരഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതും, ഗുണഭോക്താക്കളെ എപ്രകാരം മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുത്തുവെന്നത് വ്യക്തമാക്കേണ്ടതുമാണ്.

## 3-2 <u>ആശ്രയ ഗുണഭോക്താക്കളെ വേണ്ടരീതിയിൽ പരിഗണിച്ചില്ല.</u>

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ (എം എസ്)362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൽക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി

കുടുബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
|---|---|---|---|
| 1 | വീട് | 38 | 26 |
| 2 | ഭൂമി | 8 | 1 |
| 3 | വീട് റിപ്പയർ | 44 | 14 |
| 4 | കുടിവെള്ളം | 35 | ---- |
| 5 | കക്കൂസ് | 38 | ---- |

ആശ്രയ രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കിയ ലിസ്റ്റിൽ 161 അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയത്. സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i)അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. എന്നാൽ ഇത്തരത്തിൽ ഒരു നടപടിയും സ്വീകരിച്ച് അഗതികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ആശ്രയ പദ്ധതി ആരംഭിച്ചതിന് ശേഷം സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ഇ എം എസ് ഭവന പദ്ധതിയിൽ ആനുകൂല്യങ്ങൾ നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വിഭാഗം | ആകെ ഭവന രഹിതർ | കരാർ വച്ചവർ | നിർമ്മാണം പൂർത്തിയാക്കിയവർ | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ജനറൽ | 280 | 158 | 82 | |
| 2 | എസ്.സി | 24 | 2 | - | |
| 3 | എസ്.റ്റി | 0 | 0 | 0 | |

ഇ എം എസ് സമ്പൂർണ്ണ ഭവനപദ്ധതി സമയത്തുപോലും ഈ അഗതിയായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുകയോ, ഭവന നിർമ്മാണ പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് വേണ്ടരീതിയിൽ ഉയർന്ന് ചിന്തിക്കുകയോ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. 2015-16 വർഷത്തിലും ആശ്രയക്കാർക്കായ് 2 വീടുകൾക്ക് പ്രൊജക്ട് വെച്ചിട്ടുണ്ട്. ഇനിയും വാസയോഗ്യമായ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഉണ്ട്.

സ. ഉ (എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുസരിച്ച് ആശ്രയ ഗുണഭോക്താക്കളെ വേണ്ടരീതിയിൽ പരിഗണിക്കാത്തത് ശരിയായ നടപടിയല്ല. സമൂഹത്തിലെ ദുർബലരായവരെ സംരക്ഷിക്കേണ്ട ബാധ്യത നിറവേറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## **3-3** <u>പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിച്ചില്ല.</u>

ഗ്രാമപഞ്ചായത്ത് ഓഫീസ് സൌകര്യം വർദ്ധിപ്പിക്കുന്നതിനായി പ്രൊജക്ട് നം.115/16 (SO207/14) ആയി അസി. എഞ്ചിനീയർ നടപ്പാക്കിയ പദ്ധതിയ്ക്ക് താഴെ പറയും പ്രകാരം തുക വകയിരുത്തുകയും ചെലവഴിക്കുകയും

ചെയ്തിട്ടുണ്ട്.

| അടങ്കൽ | | ചെലവ് | |
|---|---|---|---|
| ഫണ്ടിനം | തുക | തുക | ബിൽ നം, തീയതി |
| വികസന ഫണ്ട്(ജനറൽ) | 19,72,000 | 19,72,000 | 37/15-16 തീ.28.03.2016 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 12,58,000 | 5,77,845 | 38/15-16 തീ. 28.03.2015 |
| ലോക ബാങ്ക് ധനസഹായം | 7,70,000 | 7,70,000 | 13/15-16 തീ.11.09.2015 |
| | 40,00,000 | 33,19,845 | |

271.92 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയുള്ള (G.F.90.64 + F.F. 90.64+ S.F. 90.64) കെട്ടിടത്തിന്റെ നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ് നിർമ്മാണത്തിന് കരാർ നൽകിയിരിക്കുന്നത്. എന്നാൽ കെട്ടിട നിർമ്മാണത്തിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിൽ താഴെ പറയും പ്രകാരം വീഴ്ച വന്നതായി കാണുന്നു.

1. മേൽ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് മുമ്പ് ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കണം. ചട്ടം.7(4) പ്രകാരം പഞ്ചായത്തിന്റെ ഏതെങ്കിലും കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണ് കെട്ടിട നിർമ്മാണം എന്ന സാക്ഷ്യപത്രത്തോട് കൂടി പ്ലാനുകൾ സെക്രട്ടറിയ്ക്ക് അംഗീകരിക്കാവുന്നതാണ്. അത്തരത്തിലൊരു സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. ചട്ടം.27(2) പ്രകാരം അടുത്തടുത്ത് ചേർന്ന് കിടക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ നിയമപരമായി നിർബന്ധമുള്ള ഉമ്മറം, പിന്നാമ്പുറം, പാർശ്വാങ്കണം എന്നിവ പ്ലോട്ട് അതിർത്തിയിൽ നിന്ന് കണക്കാക്കിയ ശേഷം അവശേഷിക്കുന്ന ഭൂമി പ്ലോട്ടിലെ കെട്ടിട നിർമ്മാണ പ്രദേശമായി പരിഗണിച്ച് മുഴുവൻ തറവിസ്തീർണ്ണാനുപാതവും, വ്യാപ്തിയും, പ്രവേശന മാർഗ്ഗവും, വെളിച്ചവും, വായുപ്രവാഹവും എന്നിങ്ങനെ സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും ഈ സ്ഥലത്തെ വ്യത്യസ്ത കെട്ടിട സമൂഹങ്ങൾ തമ്മിലുള്ള അകലം 10മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും ചുരുങ്ങിയത് 2 മീറ്ററർ ആയിരിക്കേണ്ടതുമാണ്. എന്നാൽ ഈയൊരു നിയമ വ്യവസ്ഥ ഇവിടെ പാലിച്ചില്ല. സൈറ്റ് പ്ലാൻ, ഗ്രാമ പഞ്ചായത്തിൽ നടത്തിയ ഭൌതിക പരിശോധന എന്നിവ പ്രകാരം തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മത്സ്യഭവൻ കെട്ടിടത്തിന്റെ ചുമരിനോട് ചേർന്നാണ് പുതിയ കെട്ടിടത്തിന്റെ സൺഷെയ്ഡുകൾ സ്ഥിതി ചെയ്യുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/01.10.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടുന്നതാണ്. ചട്ടം 5(4) പ്രകാരം പഞ്ചായത്ത് നടപ്പിലാക്കുന്ന ലേഔട്ടുകളോ, പ്ലോട്ട് വിഭജനമോ സംബന്ധിച്ച് നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ ഈ ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് അനുരൂപമാണെന്ന സാക്ഷ്യപത്രത്തോടെ സെക്രട്ടറി തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികളുടെ പ്ലാനുകൾ അംഗീകരിക്കണം.

സംസ്ഥാനത്ത് കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നതിന് സമഗ്രമായ നിയമം നിർമ്മിച്ച് നൽകിയതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായും അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ വിവിധ ഉത്തരവുകളിലൂടെയും, സർക്കുലറിലൂടെയും സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നത്. എന്നാൽ വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുത്ത് നിയമനടപടികൾ സ്വീകരിക്കുവാൻ ക്ഷമതയുള്ള അധികൃതർ തന്നെ അനധികൃത നിർമ്മാണങ്ങൾ നടത്തിയത് നിയമവിരുദ്ധ നടപടിയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

കെട്ടിട നിർമ്മാണത്തിനായി രേഖാമൂലം അനുമതി നൽകാതെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചതിന് വിശദീകരണം നൽകേണ്ടതും, കെട്ടിട നിർമ്മാണം ക്രമപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുന്നതിന് ചെലവഴിച്ച 33,19,845/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>അനുവദനീയമായതിലും അധിക വില സിഡ്കോയ്ക്ക് നൽകി.</u>

പ്രോജക്റ്റ് പേര്, നം - ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ, 91/16

അടങ്കൽ - 4,00,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ചെലവ് - 4,00,000/- (ബിൽ നം.34/15-16, 19.03.2016, ഡി.ഡി.നം. 335971, 19.04.2016)

2015-16 വർഷം സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതിപ്രകാരം 20 അംഗൻവാടികളിലേക്ക് 20 മേശയും 80 കസേരയും വാങ്ങുന്നതിനുള്ള ആവശ്യകത റിപ്പോർട്ട് സിഡ്കോയ്ക്ക് നൽകിയിരുന്നു. ഇതുപ്രകാരം ഹാർഡ് വുഡ് പോളിഷ്ഡ് ഡബിൾ ഡ്രോയർ ടേബിൾ (size 120x75x75)20 എണ്ണം, ഹാർഡ് വുഡ് പോളീഷ്ഡ് ആംചെയർ പ്ളാങ്ക് സീറ്റ് റീപ്പർ ബാക്ക് 80 എണ്ണം എന്നിവ ആവശ്യപ്പെട്ടിരുന്നു എങ്കിലും വകയിരുത്തിയ പദ്ധതി വിഹിതം 80 മരക്കസേരകൾ വാങ്ങുന്നതിന് തികയാത്തതിനാൽ 57മരക്കസേരകൾ വാങ്ങുന്നതിനായി 1.3.2016ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 98/16(8) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം സിഡ്കോയിൽ നിന്ന് ഹാർഡ് വുഡ് പോളിഷ്ഡ് ഡബിൾ ഡ്രോയർ ടേബിൾ (size 120x75x75) നികുതിയുൾപ്പടെ 9,458=(8261+1198) രൂപ നിരക്കിൽ 20 എണ്ണവും, ഹാർഡ് വുഡ് പോളീഷ്ഡ് ആംചെയർ പ്ളാങ്ക് സീറ്റ് റീപ്പർ ബാക്ക്-ന് നികുതിയുൾപ്പടെ 3,703/- (3234+469)രൂപ നിരക്കിൽ 57 എണ്ണവും വാങ്ങിയിട്ടുണ്ട്. 18.12.2014ലെ ജി.ഒ.(ആർ.ടി.)73/2014/ എസ്.പി.ഡി പ്രകാരം ആദ്യ ഇനം ഒന്നിന് 5,338/-രൂപയും, രണ്ടാം ഇനം ഒന്നിന് 1853/-രൂപയും ആണ്. അധികതുക നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | സ.ഉ.പ്രകാരം നൽകേണ്ട വില (യൂണിറ്റിന്) | ബില്ല് പ്രകാരം നല്കിയ വില (യൂണിറ്റിന്) | വ്യത്യാസം | നികുതിയുൾപ്പടെ അധികം നല്കിയ തുക (യൂണിറ്റിന്). | ആകെ അധികം നല്കിയതുക |
|---|---|---|---|---|---|---|
| ഹാർഡ് വുഡ് പോളിഷ്ഡ് ഡബിൾ ഡ്രോയർ ടേബിൾ (120x75x75) | 20 | 5338 | 8261 | 2923 | 3347 (2923 +424) | 66940 |
| ഹാർഡ് വുഡ് പോളീഷ്ഡ് ആംചെയർ പ്ളാങ്ക് സീറ്റ് റീപ്പർ ബാക്ക് | 57 | 1853 | 3234 | 1381 | 1581 (1381 + 200) | 90117 |
| ആകെ | | | | | | 1,57,057 |

പ്രസ്തുത ഇനങ്ങൾക്ക് അധികമായി നല്കിയ വില (നികുതിയുൾപ്പടെ) തിരികെ ഈടാക്കേണ്ടതാണ്.

## 3-5 മൃഗസംരക്ഷണ മേഖലയിൽ അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ, പദ്ധതി പേര്, നം.- കിടാരി വിതരണം, 11/15-16

അടങ്കൽ തുക – 6,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3,00,000/-, ഗുണഭോക്തൃ വിഹിതം - 3,00,000/-)

ചെലവഴിച്ച തുക – 5,60,000/- [ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,80,000/-, ഗുണഭോക്തൃ വിഹിതം 2,80,000/-]

പഞ്ചായത്ത് പരിധിയിൽ പശു വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് മേൽ നമ്പർ പ്രകാരമുള്ള പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും സബ്സിഡി ആനുകൂല്യം അനർഹരായവർക്കും നൽകിയാതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സബ്സിഡി തുക, ഡി.ഡി.നം, തീയ്യതി | റിമാർക്സ് |
|---|---|---|
| ശ്രീമതി.ശോഭന, മാധവി നിവാസ്, വെങ്ങളം | 5,000/- 784541, 05.01.2016 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ശ്രീമതി.ശോഭനയുടെ ഭർത്താവ് ശ്രീ.രവി സർക്കാർ ഉദ്യോഗസ്ഥനാണ്. |
| ശ്രീമതി.സാവിത്രി, സോപാനം, വികാസ് നഗർ, കാപ്പാട് | 5,000/- 784642, 11.01.2016 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ശ്രീമതി.സാവിത്രിയുടെ ഭർത്താവ് ശ്രീ.ഭാസ്കരൻ നായർ സർക്കാർ ഉദ്യോഗസ്ഥനാണ്. |
| ശ്രീമതി.സുമതി, അനുഗ്രഹ(ഹ), തുവ്വക്കോട് | 5,000/- 787599, 02.04.2016 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ശ്രീമതി.സുമതിയുടെ ഭർത്താവ് ശ്രീ.ശ്രീനിവാസൻ സർക്കാർ ഉദ്യോഗസ്ഥനാണ്. |

16.11.2013 ലെ (എം.എസ്) നമ്പർ.362/2013/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര

പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. 2.14 (i) പ്രകാരം സർക്കാർ, അർദ്ധ സർക്കാർ തുടങ്ങിയവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം ഉള്ളവരെ 50,000/- കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകളിൽ വിശദമായ പരിശോധന നടത്തുന്നതിലെ വീഴ്ചകൊണ്ടാണ് അനർഹരായ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുവാൻ കാരണമായത്. അനർഹമായി സബ്സിഡി അനുവദിച്ച 15,000/- രൂപ മേൽ ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ സബ്സിഡി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരമുള്ള സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-6 പ്രൊഫഷണൽ, പി.ജി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്കമ്പ്യൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്റ്റ് നംപർ - എസ്0022/16

അടങ്കൽ-4,55,000/- (വികസന ഫണ്ട്. എസ്.സി.പി)

ചെലവ്-1,86,000/-ബിൽ നം.166/16/28.1.2016

1,24,000/-" 174/16/28.1. 2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻന്റ് സെക്രട്ടറി.

ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, പ്രൊഫഷണൽ പി.ജി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ വിതരണത്തിനായി 3,10,000/- ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് തല ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ് നല്കിയ സ്പെസിഫിക്കേഷൻ പ്രകാരം ഡി.ജി.എസ്&ഡി നിരക്കുള്ള കമ്പനികളിൽ നിന്നും നേരിട്ടു വാങ്ങിയിട്ടില്ല. പഞ്ചായത്തിന് ബിസാരീ പവർ സൊല്യൂഷൻസ്, മലാപ്പറമ്പ്, കോഴിക്കോട് എന്ന സ്ഥാപനം നല്കിയ ലാപ്ടോപ്പുകൾ മേല്പറഞ്ഞ സ്പെസിഫിക്കേഷനുകൾ പ്രകാരം ഉള്ളതാണെന്നും വിൻഡോസ്, ലിനക്സ് എന്നീ സോഫ്ററ് വെയറുകളിൽ ഏതാണ് ഉപയോഗിച്ചത് എന്നുള്ള സാക്ഷ്യപത്രം ആരും നല്കിയിട്ടില്ല. ഫ്രീ സോഫ്റ്റ് വെയർ ആയ ലിനക്സ് ഉപയോഗിക്കുമ്പോൾ ക്വാട്ട് ചെയ്ത തുകയിൽ നിന്നും കുറയ്ക്കേണ്ടതാണെങ്കിലും ആയത് കുറച്ചു കാണുന്നില്ല. ഒരു സ്ഥാപനം ടെണ്ടർ സമർപ്പിയ്ക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും എത്തിച്ചു നൽകാമെന്ന് സമ്മതിയ്ക്കുന്നുണ്ട്. പത്ത് ലാപ് ടോപ്പുകൾ വിതരണം ചെയ്തതിന് കടത്തുകൂലി, സ്ഥാപിച്ചതിനുള്ള ചാർജ്ജ് എന്നീയിനത്തിലായി 5,000/-രൂപ ഒടുക്കിയതായി കാണുന്നു. ആയതിനാൽ മേൽ നിബന്ധന ഇവിടെ പാലിയ്ക്കുന്നില്ല. കൂടാതെ പെർഫോമൻസ് സെക്യൂരിറ്റിയായി കരാർ തുകയുടെ 5% ഒടുക്കിയിട്ടില്ല. ലാപ് ടോപ്പുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജ് ഈടാക്കിയതിന്റെ ആവശ്യകതയില്ല. ആയതിനാൽ കടത്തുകൂലിയിനത്തിലും, ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിലുമായി നല്കിയതുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. മറ്റ് അപാകതകളാൽ അവശേഷിക്കുന്ന 305000/- രൂപ തടസ്സം ചെയ്യുന്നു.

## 3-7 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ - മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തില്ല

പ്രൊജക്ട് - എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ

നം - 207/16

അടങ്കൽ - 4,00,000 രൂപ (വികസന ഫണ്ട്- എസ് സി പി)

ചെലവ് - ബിൽ നം. 2/15-16 തി. 27.02.2016; 3,80,000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പ്പെട്ട പ്രൈമറി വിദ്യാർത്ഥികൾക്ക്

പഠനോപകരണങ്ങളായ മേശയും കസേരയും നൽകാനാണ് ഈ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി 95 മേശയും, കസേരയും, സിഡ്കോയിൽ നിന്നും വാങ്ങി. (രസീത് നം. 1268/18.03.2016 Rs. 3,80,000). ഒരു യൂണിറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ വാങ്ങിയ 95 എണ്ണത്തിൽ 92 എണ്ണമേ വിതരണം ചെയ്തുള്ളൂ.

വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ചല്ല ഫർണിച്ചറുകൾ വാങ്ങിയത്. അധികം വാങ്ങിയ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഒരിക്കൽ ഈ ആനുകൂല്യം ലഭിച്ചവർക്ക് തുടർന്നും ആനുകൂല്യം ലഭിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതുമാണ്.വിതരണം ചെയ്യാത്ത ഫർണ്ണിച്ചറുകളുടെ തുകയായ 12,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു

## 3-8 ഇ.എം.എസ്. ഭവന പദ്ധതി ലോൺ മുഴുവൻ അനുവദിക്കാത്തതിനാൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് 2010-11 വർഷം മുതൽ ഇ.എം.എസ്. ഭവന പദ്ധതി ആരംഭിച്ചിട്ടുണ്ട്. (എം.എസ്) 322/10/ത.സ്വ.ഭ.വ. തീയ്യതി. 29.01.2010ഉത്തരവു പ്രകാരം 1,48,15,500/- രൂപ വായ്പ എടുക്കുന്നതിനായി സർക്കാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്കുമായി 1,48,15,500/- രൂപ വായ്പ എടുക്കുന്നതിനായി കരാർ ചമക്കുകയും ചെയ്തു. പലിശ നിരക്ക് 10% ആണ്. 31.07.2014 വരെ എടുത്ത വായ്പ 94,45,200 രൂപയാണ്. 27.06.2015 വരെയുള്ള പ്രവർത്തന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

| വിഭാഗം | ആകെ ഭവന രഹിതർ | 31.03.2012 വരെ കരാർ വച്ചവർ | പൂർത്തികരിച്ചത് |
|---|---|---|---|
| ജനറൽ | 280 | 158 | 82 |
| എസ്.സി | 24 | 2 | 0 |
| എസ്.റ്റി | 0 | 0 | 0 |
| ആകെ | 304 | 160 | 82 |

| നിർമ്മാണത്തിനായി ഗഡു കൈപ്പറ്റിയവർ | |
|---|---|
| ഗഡുക്കൾ കൈപ്പറ്റിയവർ | എണ്ണം |
| ഒന്നാം ഗഡു | 4 |
| രണ്ടാം ഗഡു | 27 |
| മൂന്നാം ഗഡു | 39 |
| ആകെ | 70 |

304 ഭവന രഹിതർ ഉണ്ടെങ്കിലും 160 പേർ ആണ് കരാർ വെച്ചത്. ഇതിൽ പൂർത്തീകരിച്ചവർ 82 മാത്രമാണ്. 70 പേരുടെ ഭവന നിർമ്മാണം പാതി വഴിയിലാണ്. ഇവർക്ക് ധനസഹായം തുടർന്ന് നൽകാത്തതിനാൽ പലരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളിൽ സ്വന്തമായി പണം സ്വരൂപിക്കാൻ സാധിക്കാത്ത ഇവർക്ക് യഥാസമയങ്ങളിൽ ധനസഹായം നൽകാത്തത് ശരിയായ നടപടിയല്ല. ഇവർക്ക് എത്രയും പെട്ടെന്ന് ധനസഹായം നല്കി ഭവന നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-9 വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ/ ഏജൻസികൾ എന്നിവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി പേര്, നമ്പർ, | കൈമാറിയ ഏജൻസി | ചെലവ് തുക | ബിൽ/ഡി.ഡി. നം, തീയതി |
|---|---|---|---|---|
| 1 | നെട്ടുവയൽകുറി കുടിവെള്ള പദ്ധതി, 251/16, സെക്രട്ടറി | കോസ്റ്റൽ ഡവലപ്പ്മെന്റ് കോർപ്പേഷൻ തുക കൈമാറി | 250000 | 786224/ 05.03.2016 |
| 2 | സാമൂഹ്യ നീതി ദിനാഘോഷം 253/16, സെക്രട്ടറി | ജില്ല സാമൂഹ്യ നീതി ഓഫീസർ | 25000 | 786694/ 19.03.2016 |
| 3 | ഡി.പി.സി.ബിൽഡിംഗ്, 02/16 സെക്രട്ടറി | ചെയർമാൻ, ഡി.പി.സി. കോഴിക്കോട് | 100000 | 787328/ 30.03.2016 |
| 4 | മീഡിയാശ്രീ, 183/16 സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ. | 65000 | 786223/ 05.03.2016 |
| 5 | ഐ.എ.വൈ.ഭവന പദ്ധതി (ജനറൽ), വി.ഇ.ഓ | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 605291 | (ബിൽ)1/15-16, 20.08.2016 |
| ബിൽ പ്രകാരം 13,20,000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമായി ബ്ലോക്കിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 7,14,709 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയുള്ളൂ. ബാക്കി തുകയായ 6,05,291 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | | | | |
| ആകെ | | | 1045291 | |

വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭവത്തിൽ 10,45,241/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 നിർമ്മൽ പുരസ്കാര തുക വിനിയോഗിച്ചില്ല.

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പ് കാര്യക്ഷമവും മൽസരാധിഷ്ഠിതവുമാക്കുന്നതിനും വേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് ഏർപ്പെടുത്തി നൽകുന്നത്. പഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളിലും, സ്കൂളുകളിലും, അങ്കണവാടികളിലും ശൗച്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ വൃത്തിയായി കാത്തു സൂക്ഷിക്കൽ, ശുചിത്വത്തിന്റെ അഭാവത്തിലുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച വിവരവിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ഖര-ദ്രവമാലിന്യ സംസ്കരണം തുടങ്ങിയവ നടത്തുന്നതിനായിട്ടാണ് മേൽ തുക ഉപയോഗിക്കേണ്ടത്.

18.12.2009ലെ ഐ.ഇ.സി/320/07/സി.ആർ.ഡി നമ്പർ സർക്കുലറിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് 2009-10 കാലയളവിൽ ലഭിച്ച നിർമ്മൽ പുരസ്കാര തുക 5,00,000/- (ചെക്ക് നം. 131961/ 24.11.2009) വിനിയോഗിക്കുന്നതിനായി ഓഡിറ്റ് കാലയളവ് വരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ലഭിച്ച നിർമ്മൽ പുരസ്കാര തുക, പദ്ധതികൾ രൂപീകരിച്ച് ചെലവഴിക്കേണ്ടതാണ്.

## 3-11 സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളെ മൈക്രോ സംരംഭങ്ങളിലേക്ക് കൊണ്ടു വന്ന് സ്ഥായിയായ തൊഴിൽ ലഭ്യമാക്കി ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലാതാക്കുന്നതിനായിട്ടാണ് മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയത്. പദ്ധതി മുഖേന സബ്സിഡി ലഭിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ, പരാജയങ്ങൾ

എന്നിവ പരിശോധിച്ചതിൽ നിന്നും ചില സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| യൂണിറ്റിന്റെ പേര്, തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പദ്ധതി തുക | സബ്സിഡി അനുവദിച്ച തുക | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | പഞ്ചായത്ത് ഫണ്ട് | റിവോൾവിംഗ് ഫണ്ട് | |
| വനിത സ്റ്റോർ, പലചരക്ക് കച്ചവടം | 2007-08 | 10 | 100000 | 50000 | 13500 | സംരംഭം വിൽപ്പന നടത്തി |
| കന്യക, അലങ്കാര മൽസ്യ കൃഷി | 2009-10 | 5 | 100000 | 50000 | 15000 | മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല |
| സാനിയ, ഹെൽത്ത് ക്ലബ് | 2009-10 | 10 | 200000 | 100000 | 30000 | |
| തീരം, വനിത ഹോട്ടൽ | 2009-10 | 5 | 100000 | 50000 | 15000 | |
| പലചരക്ക് കച്ചവടം | 2002 | 10 | 60000 | 30000 | | |
| ദീപം മാർക്കറ്റിംഗ്, പച്ചക്കറി കട | 2007-08 | 14 | 50000 | 25000 | | സംരംഭം വിൽപ്പന നടത്തി |
| ഐശ്വര്യ, അരിക്കച്ചവടം | 2005-06 | 10 | 20000 | 10000 | | പ്രവർത്തിക്കുന്നില്ല |
| | | | | 315000 | 73500 | |

സബ്സിഡി അനുവദിച്ച സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് സി.ഡി.എസ്, ന്റെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ വിവരിച്ചവയിൽ പല പദ്ധതികളും കൃത്യമായ മോണിറ്ററിംഗിലൂടെയും, സഹായ സഹകരണങ്ങൾ, ഉപദേശങ്ങൾ എന്നിവ വഴി നിലനിർത്താമായിരുന്നതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നൽകിയില്ല. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിലൂടെ തങ്ങളുടെ കടമ കഴിഞ്ഞു എന്ന സമീപനമാണ് സ്വീകരിച്ചത്. കൂടാതെ തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി നൽകിയ ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്.

## 3-12 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ദ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽരഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് പ്രത്യേകിച്ച് ശാരീരിക ബുദ്ധിമുട്ടുകളോ, മറ്റ് അസ്വാസ്ഥ്യങ്ങളോ റിപ്പോർട്ട് ചെയ്യാത്ത മേൽ വിഭാഗം തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ബിൽ നം, തീയ്യതി |
|---|---|---|
| 557 | 572160 | 311/15-16, 20.08.2015 |
| | 254040 | 892/15-16, 14.02.2016 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 പരിമിതമായ അടിസ്ഥാന സൌകര്യങ്ങളോടെ പൊതുജനാരോഗ്യ

കേന്ദ്രങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1), പട്ടിക3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പൊതുജനാരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും (എല്ലാത്തരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്നവ) ഏറ്റെടുത്ത് നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. അതു പോലെ രോഗ പ്രതിരോധ നടപടികൾ, രോഗങ്ങളുടെ നിയന്ത്രണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതാണ്. ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിനു കൈമാറികിട്ടിയ ആയുർവ്വേദ, ഹോമിയോപ്പതി ആരോഗ്യ കേന്ദ്രങ്ങൾ നേരിട്ട് സന്ദർശിച്ചതിൽ (28.09.2016) നിന്നും മേൽ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തനാവസ്ഥ താഴെ കൊടുക്കുന്നു.

- ഹോമിയോ ഡിസ്പെൻസറി.

ഗ്രാമപഞ്ചായത്ത് വകയായ ഫ്രീഡം ഫൈറ്റേഴ്സ് ഹാളിന്റെ അനുബന്ധ മുറിയിലാണ് എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. 63.75 ചതുരശ്ര അടി വിസ്തീർണ്ണം മാത്രമുള്ള ഡിസ്പെൻസറിയിൽ ശരാശരി 100 രോഗികൾ ദിവസേന ചികിൽസക്കായി വരുന്നുണ്ട്. മേൽ പറഞ്ഞ പരിമിതമായ അടിസ്ഥാന സൗകര്യത്തിൽ നിന്നു കൊണ്ടാണ് മെഡിക്കൽ ഓഫീസർ പരിശോധന നടത്തുന്നതും, മരുന്നുകൾ സൂക്ഷിക്കുന്നതും മറ്റ് കാര്യാലയ കാര്യങ്ങൾ നടത്തുന്നതും. ആശുപത്രി ജീവനക്കാർ, രോഗികൾ എന്നവർക്കൊന്നും ആവശ്യമായ ഇരിപ്പിടങ്ങൾ, വിശ്രമമുറി, ശൗചാലയങ്ങൾ തുടങ്ങിയവ ഒരുക്കിയിട്ടില്ല.

- ആയുർവ്വേദ ആശുപത്രി.

വെങ്ങളം എന്ന സ്ഥലത്ത് 2009-10 കാലയളവിൽ പ്രവർത്തനം ആരംഭിച്ച എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പരിമിതമായ സ്ഥലം സൗകര്യമാണുള്ളത്. ആകെ 50 ച.മീറ്റർ വിസ്തീർണ്ണം മാത്രമാണ് കെട്ടിടത്തിനുള്ളത്. ശരാശരി 60-70 രോഗികൾ ദിവസേന ചികിൽസക്കായി വരുന്ന ആശുപത്രിയിൽ പരിമിതമായ അടിസ്ഥാന സൗകര്യത്തിൽ നിന്നു കൊണ്ടാണ് മെഡിക്കൽ ഓഫീസർ പരിശോധന നടത്തുന്നതും, മരുന്നുകൾ സൂക്ഷിക്കുന്നതും മറ്റ് കാര്യങ്ങൾ നടത്തുന്നതും. ആശുപത്രി ജീവനക്കാർ, രോഗികൾ എന്നവർക്കൊന്നും ആവശ്യമായ വിശ്രമമുറി, ശൗചാലയങ്ങൾ തുടങ്ങിയവ ഒരുക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ അടുക്കള സൌകര്യമില്ലാത്തതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ 22,690/- രൂപ ചെലവഴിച്ച് വാങ്ങിയ പാത്രങ്ങൾ നിലവിലും പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ ഒരെണ്ണം ഒഴികെ ബാക്കിയുള്ളവ മരുന്നുകൾ വാങ്ങുന്നവയാണ്. അതായത് ഡോക്ടർ, രോഗി, മരുന്ന് എന്നതിൽ നിന്നും വ്യത്യസ്തമായി മറ്റ് പദ്ധതികൾ രൂപീകരിക്കുന്നതിനോ, നടപ്പാക്കുന്നതിനോ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തികൾ നടപ്പാക്കിയതാണ് ഇതിനൊരപവാദം. ആരോഗ്യ കേന്ദ്രങ്ങളിലെയും, കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടുന്നതിനുമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ടായിരിക്കേ അതിന് ആവശ്യമായ പദ്ധതി രൂപീകരിക്കാനോ തുക വകയിരുത്താനോ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇത് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിട്ടേ ഓഡിറ്റിൽ വിലയിരുത്താൻ കഴിയൂ. ആയതിനാൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും ആരോഗ്യ സ്ഥാപനങ്ങളിലെ പോരായ്മകൾ കാലതാമസമില്ലാതെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 286523 | പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും, 28/16 | 286523 | --- |
| | 18000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി, 19/16 | 18000 | ---- |
| | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 20/16 | 150000 | ---- |
| ജില്ല പഞ്ചായത്ത് | 2000000 | നായനാർ മിനി സ്റ്റേഡിയം ഗാലറി നിർമ്മാണം, 129/16 | ---- | 2000000 |
| | 1000000 | കുനിയിൽ താഴെ കുടിവെള്ള പദ്ധതി, 142/16 | 875056 | 124944 |
| | 30000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി, 19/16 | 30000 | ---- |
| | 133600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 20/16 | 133600 | ---- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | മുൻകൂർ നൽകിയ തുക | റിമാർക്ക് |
|---|---|---|---|
| കേരള ഗ്രൌണ്ട് വാട്ടർ വകുപ്പ് | തുവ്വക്കോട് 4 സെന്റ് കോളനി കുഴൽ കിണർ നിർമ്മാണം, 223/16 | 36720 | പ്രവൃത്തിയുടെ നിർമ്മാണം പൂർത്തികരിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്) 322/ 2010/ത.സ്വ.ഭ.വ, 29.01.2010 | ---- | 1847450 | 1481550 | --- | 365900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4592644 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 454222 |
| ആകെ | 5046866 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5046866 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, (സ്ഥിരം നിക്ഷേപം) | 1111276 | 5343 |
| | 2305584 | 0101010384 |
| കെ.ഡി.സി.ബാങ്ക്, കൊയിലാണ്ടി ശാഖ (സ്ഥിരം നിക്ഷേപം) | 386486 | 100111807520218 |
| | 293784 | 100111807520219 |
| | 949736 | 100111807520220 |
| ആകെ | 5046866 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01, 24 | 2003-04, 7(14) | കാലഹരണപ്പെട്ട നികുതി (പൊതു പരാമർശം) | ലഭ്യമല്ല |
| 2002-03, ഭാഗം.2 | 2004-05, 3(17) | കാലഹരണപ്പെട്ട നികുതി (പൊതു പരാമർശം) | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37653352 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55618059 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,77,057 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,82,136 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-4 | | 1,57,057 | ശ്രീ.ബാബുരാജൻ.പി, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-5 | | 15,000 | ശ്രീ.ഷിനോജ്.എം, വെറ്ററിനറി സർജ്ജൻ |
| 3-6 | | 5,000 | ശ്രീ.രാമചന്ദ്രൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |
| | | 1,77,057 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 33,19,845 | ശ്രീ.സൂരജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 305000 | ശ്രീ. രാമചന്ദ്രൻ.കെ.എം, അസി. സെക്രട്ടറി. |
| 3-7 | 12,000 | ശ്രീ.അബ്ദുള്ള. കെ, ഹെഡ്മാസ്റ്റർ |
| 3-9 | 10,45,291 | ശ്രീ.ബാബുരാജൻ.പി, സെക്രട്ടറി, ശ്രീമതി.ജയശ്രീ.ഒ, വി.ഇ.ഒ |
| ആകെ | 46,82,136 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജൻ.പി<br>സെക്രട്ടറി | വിരമിച്ചു | മധുവൻ, ചോമ്പാല, അഴിയൂർ, കോഴിക്കോട് |
| ശ്രീ.സൂരജ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 'സ്വപ്ന', Near MSS സ്കൂൾ,<br>വേങ്ങേരി, തണ്ണീർപന്തൽ<br>കോഴിക്കോട് - 673 010 |
| ശ്രീ.ഷിനോജ്.എം,<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ<br>ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, ചെങ്ങലം. (പി.ഒ)<br>എലത്തൂർ, കോഴിക്കോട് |
| ശ്രീ.രാമചന്ദ്രൻ.എം, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | മനയത്ത് (ഹ),<br>എടക്കുളം.(പി.ഒ),<br>കൊയിലാണ്ടി, കോഴിക്കോട് |
| ശ്രീമതി.ജയശ്രീ.ഒ, വി.ഇ.ഒ | വി.ഇ.ഒ, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | ശിവശൈലം, എടക്കുളം (പി.ഒ)<br>കോഴിക്കോട്. |
| ശ്രീ.അബ്ദുള്ള. കെ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ<br>ജി.എഫ്.യു.പി. സ്കൂൾ, കോരപ്പുഴ | മിന (ഹ)കൊളത്തൂർ (പി.ഒ), അത്തോളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.4/792(1)/12, 05.07.2012 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.4/792(2)/12, 05.07.2012 | 1 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.4/792(3)/12, 05.07.2012 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.4/792(4)/12, 05.07.2012 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.4/792(5)/12, 05.07.2012 | 4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.4/1044/11 (6), 05.07.2012 | 9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.5/1372/08, 09.02.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.5/1335/09, 06.10.2009 | 10 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.4/90/11, 09.02.2011 | 36 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.4/1749/11, 20.01.2012 | 16 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.13/282/13, 07.03.2013 | 14 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.13/682/13, 20.07.2013 | 16 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി/13/1549/13, 30.01.2014 | 7 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി/പി/13/1056/15, 15.10.2015 | 31 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.13/990/2016, 06.06.2016 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/1846/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 2-11-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.